# ദുർബലർക്കു വേണ്ടി നിലകൊള്ളുക

عن أبى الدَّرْداء عُوَيْمِرَة رَضِيَ الله عَنْه قَالَ: سَمِعْتُ رَسُولَ الله ﷺ يَقُولُ: إبْغُونِى الضُّعَفاءَ فَإنّما تُنْصَرُونَ بِضُعَفائِكُمْ (ابو داود)

**അബൂദ്ദർദാ(റ)ഇൽ നിന്ന്: "പ്രവാചകൻ പറയുന്നത് ഞാൻ കേട്ടു: എനിക്ക് വേണ്ടി നിങ്ങൾ ദുർബലരെ തേടിപ്പിടിക്കുക. നിങ്ങൾക്ക് സഹായം ലഭിക്കുന്നത് ബലഹീനരാൽ മാത്രമാണല്ലോ" (അബൂദാവൂദ്).**

സർക്കാറുകളും സമ്പന്നരും മാത്രമല്ല, അവരുടെ പക്ഷം ചേരുന്നവരും സാധാരണക്കാരെ അരികുവൽക്കരിക്കുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യങ്ങളിൽ ഏറെ പ്രസക്തമാണ് മേൽ പ്രവാചക വചനം. അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർ എല്ലാ രംഗങ്ങളിലും വ്യത്യസ്ത നിലവാരക്കാരാണ്. ഉള്ളവർ ഇല്ലാത്തവരുടെ സംരക്ഷണച്ചുമതല ഏൽക്കണമെന്നത്രേ ദൈവിക നിശ്ചയം. ആരെങ്കിലും പട്ടിണി കിടക്കുകയോ, ഉടുവസ്ത്രമില്ലാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പണക്കാരാണ് ഉത്തരവാദികളെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. വിശ്വാസികളിലെ പാവങ്ങളെ മാറ്റി നിർത്തിയാൽ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം എന്ന് ശത്രുക്കൾ പറഞ്ഞപ്പോൾ അത് ഞങ്ങളുടെ രീതിയല്ലെന്ന് നബിമാർ തുറന്നടിച്ചതായി കാണാം (അൽ അൻആം: 53, 56, അൽകഹ്ഫ്: 28, ഹൂദ്: 25-30, അശ്ശുഅറാഅ്: 111-114). പാവങ്ങളെ അകറ്റി നിർത്തിയില്ലെന്നു മാത്രമല്ല, അവരുടെ അപേക്ഷ ഇല്ലാതെ തന്നെ അവർക്ക് വേണ്ടി പ്രവർത്തിച്ചതാണ് പ്രവാചകന്മാരുടെ ചരിത്രം. ദുർബലരുടെ അവകാശങ്ങൾക്ക് വേണ്ടി അവർ തന്നെ രംഗത്തിറങ്ങണമെന്ന പതിവു വഴക്കം ഇസ്‌ലാം തിരുത്തി. അവർക്കുവേണ്ടി സമ്പന്നരായ ഇസ്‌ലാമിക നേതൃത്വം തന്നെ രംഗത്തിറങ്ങി. ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ട അടിമകളെ അബൂബക്ർ (റ) ഉൾപ്പെടെയുള്ളവർ പണം നൽകി മോചിപ്പിച്ചതും, ദരിദ്രരുടെ അവകാശമായ സകാത്ത് നിഷേധിച്ചവർക്കെതിരെ അദ്ദേഹം നേരിട്ട് യുദ്ധത്തിനിറങ്ങിയതും ചരിത്രം.

ദുർബലരുടെ നേരെയുള്ള സമീപനം മാറ്റിയെടുക്കാൻ നബി(സ) ബഹുമുഖങ്ങളായ മാർഗങ്ങൾ സ്വീകരിച്ചു. ഒരു യാത്ര കഴിഞ്ഞെത്തിയ നബി(സ), മദീനാപള്ളി അടിച്ചുവാരിയിരുന്ന കറുത്ത സ്ത്രീയെ കാണാതിരുന്നപ്പോൾ 'അവരെവിടെ' എന്നു ചോദിച്ചതും, 'അവൾ മരിച്ചു പോയി' എന്നു സ്വഹാബികൾ പറഞ്ഞപ്പോൾ, അതിൽ അവരെ നിസ്സാരമാക്കിയതിന്റെ സ്വരമുണ്ടെന്നു തോന്നിയ പ്രവാചകൻ, 'നിങ്ങൾക്ക് വിവരം എന്നെ അറിയിച്ചുകൂടായിരുന്നോ' എന്നു ചോദിച്ചതും, അവരുടെ ഖബ്റിനടുത്തു പോയി നമസ്കരിച്ചതും പ്രസിദ്ധമാണ്.

ഏതൊരു കാര്യത്തിലും സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരെ പരിഗണിച്ചുവേണം പ്രവർത്തിക്കാൻ എന്നായിരുന്നു നബി(സ)യുടെ ശിക്ഷണം. സംഘടിത നമസ്കാരത്തിൽ കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുമ്പോൾ, മാതാക്കളുടെ മനസ്സറിഞ്ഞ നബി(സ) നമസ്കാരം വേഗത്തിലാക്കിയത് ഇതിന്റെ ഭാഗമായിരുന്നു. വികസനം ഉൾപ്പെടെ ഏതൊരു വിഷയത്തിലും നിലപാടെടുക്കുമ്പോൾ സമൂഹത്തിലെ ഏറ്റവും അവശരെ പരിഗണിച്ചുവേണം പ്രവർത്തിക്കാൻ.

ഒരിക്കൽ ഒരാൾ നബി(സ)യുടെ അരികിലൂടെ നടന്നുപോയി. അപ്പോൾ അവിടുന്ന് തന്റെ അടുത്ത് ഇരിക്കുകയായിരുന്ന ഒരാളോട് ചോദിച്ചു: "ഇയാളെപ്പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം?" "ഇദ്ദേഹം സമൂഹത്തിലെ പ്രമുഖനാണ്. ദൈവമാണ, അയാൾ വിവാഹാന്വേഷണം നടത്തിയാൽ പെണ്ണുകിട്ടും, ശിപാർശ ചെയ്താൽ ശിപാർശ സ്വീകരിക്കപ്പെടും." നബി(സ) മൗനം ഭജിച്ചു. കുറച്ചു കഴിഞ്ഞ് മറ്റൊരാൾ അതുവഴി വന്നു. നബി(സ) ചോദിച്ചു: "ഇയാളെപ്പറ്റി എന്താണ് അഭിപ്രായം?" "അല്ലാഹുവിന്റെ ദൂതരേ, അയാൾ ഒരു പാവം മുസ്‌ലിമാണ്. അയാൾ വിവാഹാലോചന നടത്തിയാൽ പെണ്ണ് കിട്ടില്ല, ശിപാർശ ചെയ്താൽ ശിപാർശ സ്വീകരിക്കപ്പെടില്ല. അയാൾ എന്തെങ്കിലും പറഞ്ഞാൽ അതാരും അംഗീകരിക്കില്ല." അവിടുന്ന് പ്രതികരിച്ചു: "ഇയാൾ ഭൂമി നിറയുവോളം വസ്തുക്കളെക്കാൾ ഉത്തമനാണ്." (ബുഖാരി, മുസ്‌ലിം). സ്വർഗത്തിലെ ഭൂരിപക്ഷവും ദുർബലരും സാധുക്കളുമാണെന്ന നബി വചനവും (മുസ്‌ലിം) ഇതേ സന്ദേശമാണ് നൽകുന്നത്.

ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും അധികാരി-പ്രമാണി-സമ്പന്ന വർഗങ്ങൾ തങ്ങൾക്കില്ലാത്ത വലിപ്പം സ്വയം അവകാശപ്പെടുന്നവരായിരുന്നു (ഇസ്തിക്ബാർ). സാധാരണ ജനങ്ങൾ തങ്ങൾക്ക് വശംവദരായി, അവശത സ്വയം വരിക്കണമെന്ന് (ഇസ്തിദ്ആഫ്) അവർ ആഗ്രഹിച്ചിരുന്നു. ഒരർഥത്തിൽ നബിമാരുടെ പ്രബോധനത്തിന്റെ ധർമവും മർമവും ഈ മിഥ്യാബോധത്തെ തകർക്കൽ കൂടിയായിരുന്നു. മക്കാവിജയ വേളയിൽ കഅ്ബയുടെ മുകളിൽ നബിയുടെ നിർദേശപ്രകാരം കയറി ബിലാൽ (റ) ബാങ്ക് കൊടുത്തപ്പോൾ, 'ഈ കറുമ്പൻ ഇതു ചെയ്തത് കാണാനിടവരാതെ നമ്മുടെ പൂർവികർ മരിച്ചു പോയത് എത്ര നന്നായി' എന്ന് ചില ഖുറൈശി പ്രമുഖർ ആശ്വസിച്ചത് ഇതു കൊണ്ടാണ്. 'ഒരു കറുത്ത അടിമപ്പെൺകുട്ടിക്ക് നബി(സ)യുടെ കൈപിടിച്ച് അദ്ദേഹത്തെ എങ്ങോട്ടും കൊണ്ടുപോകാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു' എന്ന് പത്തു വർഷം നബി(സ)യെ സേവിച്ച അനസ് (റ) പറയുമ്പോൾ, അവശ വിഭാഗങ്ങൾ അന്ന് അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ആഴവും പരപ്പും മനസ്സിലാക്കാം. ■